'ഭരണഭാഷ മാതൃഭാഷ'

കോളേജ് വിദ്യാഭ്യാസ വകുപ്പ്
ആസ്ഥാന കാര്യാലയം
തിരുവനന്തപുരം
21-12-2024

**DCETVM/642/2024-C3**

## പരിപത്രം

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ 60 സ്ഥാപനങ്ങളിൽ നാളിതുവരെ ഇ ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ ഈ മാസത്തെ ഇ-ഓഫീസ് നടത്തിപ്പിന്റെ പുരോഗതി സംബന്ധിച്ച അവലോകന യോഗത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഇ-ഓഫീസിൽ ഫയലുകൾ തീർപ്പാക്കുന്നത് വളരെ കുറവാണ് എന്ന കാര്യം അറിയിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിൽ നടപടി പൂർത്തിയാക്കിയ നിരവധി ഫയലുകൾ പാർക്ക് ചെയ്ത് സൂക്ഷിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലേയും വകുപ്പിന് കീഴിലെ ഉപമേധാവിമാരുടെ കാര്യാലയങ്ങളിലെയും ഇ ഓഫീസ് നടപ്പിലാക്കിയിട്ടുള്ള മറ്റ് കോളേജുകളിലും/ ഹോസ്റ്റലുകളിലും നടപടി പൂർത്തിയാക്കിയ എല്ലാ ഫയലുകളും ക്ലോസ് ചെയ്യേണ്ടതാണ്. ക്ലോസ് ചെയ്ത ഫയലിന്റെ എണ്ണം സംബന്ധിച്ച റിപ്പോർട്ട് സ്ഥാപനമേധവിമാർ 27.12.2024 ന് മുന്പായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഫയൽ ക്ലോസ് ചെയ്യുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടെങ്കിൽ ആയതിനു ബന്ധപ്പെട്ട ജീവനക്കാരുടെ സഹായം തേടേണ്ടതാണ്. കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ട് മാരും അതാത് സെക്ഷനിലെ നടപടി പൂർത്തിയാക്കിയ ഫയലുകൾ ക്ലോസ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും ക്ലോസ് ചെയ്ത ഫയലിന്റെ എണ്ണം മേൽ പറഞ്ഞ തീയതിക്കകം (സി) സെക്ഷനിൽ ലഭ്യമാക്കേണ്ടതുമാണ്.

Signed by
Satheesh S
Date: 21-12-2024 14:06:08

Satheesh S
SENIOR ADMINISTRATIVE OFFICER

എല്ലാ സ്ഥാപനമേധാവിമാർക്കും
കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ട് മാർക്കും